**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി വ്യത്യസ്ത തലങ്ങളിൽ വിവിധ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തുവരികയാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) യുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾ 2026 ഓടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജനകീയമായ ഇടപെടലിലൂടെയുള്ള പാഠ്യപദ്ധതി പരിഷ്കരണ നടപടിക്രമങ്ങളെ 2024 ലെ (UNESCO) യൂത്ത് റിപ്പോർട്ട് പരാമർശിച്ചിരിക്കുന്നത് സംസ്ഥാനത്തിന് ലഭിച്ച അംഗീകാരമാണ്.<br><br>മാറിയ പാഠ്യപദ്ധതിക്കനുസരിച്ച് അധ്യാപക പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരികയാണ്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവൻ അധ്യാപകരും നിർബന്ധമായും 7 ദിവസത്തെ റസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. കൂടാതെ വിവിധ മേഖലകളിലും, വിഷയങ്ങളിലും ആഴത്തിലുള്ള ചർച്ചകൾ നടത്തി അധ്യാപനശേഷി വർദ്ധിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും കൈറ്റിന്റെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| | | | നവകേരളം കർമ്മപദ്ധതി II ന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ വൻ കുതിച്ചു ചാട്ടമാണ് ഉണ്ടായത്.<br><br>സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ പഠന പരിപോഷണ പദ്ധതിയുടെ ഭാഗമായി ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളിൽ എലമെന്ററി, സെക്കന്ററി വിഭാഗങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, പ്യാരി ഉറുദു, അഹ്‌ലൻ അറബിക്, സംസ്കൃത മാധുരി, തുടങ്ങിയവ പ്രാവർത്തികമാക്കിയതുവഴി കുട്ടികളിൽ ഭാഷാപരമായ കഴിവ് വർദ്ധിച്ചു. 2024-25 വർഷം ഹെൽപിംഗ് ഹാന്റ് എന്ന പേരിൽ, വിഷയാടിസ്ഥാനത്തിൽ സ്കൂളുകൾ തയ്യാറാക്കുന്ന പ്രോജക്ടുകൾ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ വച്ച് മെച്ചപ്പെടുത്തുകയും അത് വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ മറ്റുപ്രവർത്തനങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ വർദ്ധിച്ചു വരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗവും കൈമാറ്റവും തടയുന്നതിനു പാഠ്യപദ്ധതിയിൽ അവയ്ക്കെതിരെയുള്ള ശക്തമായ ബോധവത്ക്കരണ പരിപാടികളും പോലീസിന്റേതുൾപ്പെടെ ശക്തമായ നിരീക്ഷണവും ഏർപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ബി) | 2022 ൽ "ലഹരി വിമുക്ത കേരളം" എന്ന പ്രവർത്തന പദ്ധതിക്ക് രൂപം നൽകുകയും ഇതുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ ഏകോപനയോഗം ചേരുകയും എല്ലാ അധ്യാപകർക്കും ഏകദിന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>എസ്.സി.ഇ.ആർ.ടി. ഈ വിഷയവുമായി ബന്ധപ്പെട്ട "ആഹ്ലാദത്തിന്റെ പുതുവഴികൾ" എന്ന റഫറൻസ് പുസ്തകം, ജീവിതമാണ് ലഹരി" എന്ന ലഘുപുസ്തകം, 'ലഹരിയോട് പറയാം ഗുഡ്ബൈ" എന്ന ലഘുലേഖനവും അധ്യാപകർക്കായി തയ്യാറാക്കിയിട്ടുണ്ട്.<br><br>സാമൂഹ്യനീതി മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ "നവചേതന മൊഡ്യൂൾ' (മദ്യം, മയക്കുമരുന്ന്) എസ്.സി.ഇ.ആർ.ടി. മലയാളത്തിലേക്ക് പരിഭാഷ നടത്തി.<br><br>എസ്.സി.ഇ.ആർ.ടി.യുടെ പാഠപുസ്തകങ്ങളിൽ അടിസ്ഥാനശാസ്ത്രം, ഉറുദു, അറബിക്, സയൻസ്, മലയാളം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിൽ ഹൈസ്കൂൾ തലങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യജീവിതനൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പുസ്തകങ്ങളിലും ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും കൈമാറ്റവും തടയുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന നടപടികൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

1. എഴുത്തുകൂട്ടം വായനാക്കൂട്ടം

2. പഠനോത്സവം

3. ഇൻക്ലൂസീവ് സ്പോർട്സ്

4. രക്ഷാകർതൃ വിദ്യാഭ്യാസം

5. ക്ലബ് പ്രവർത്തനങ്ങൾ

6. ക്രിയേറ്റീവ് കോർണർ

7. ലൈഫ് 2024

8. ടിങ്കറിംഗ് ലാബ്

9. വർണ്ണക്കൂടാരം

10. എസ്റ്റീം

11. സ്റ്റീം ഇക്കോസിസ്റ്റം

12. സചിത്രപുസ്തകം (പിക്ച്ചർ ഡയറി)

13. സംയുക്ത ഡയറി

## ക്വാളിറ്റി പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം

2. ഹലോഇംഗ്ലീഷ്

3. ശാസ്ത്ര പഥം

4. സുരീലി ഹിന്ദി

5. സംസ്കൃതമാധുരി

6. അഹ്‌ലൻ അറബിക്

7. പ്യാരി ഉറുദു

8. ഗണിതവിജയം

9. വായനാക്കാർഡുകൾ

10. ഭൂമിശാസ്ത്രലാബുകൾ

11. സ്കൂൾവെതർസ്റ്റേഷൻ

12. ശലഭപാർക്ക്

13. ശാസ്ത്ര പാർക്ക്

14. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ

15. ബീച്ച് ടു ബഞ്ച്

16. അതിവിദൂരത്തിലുള്ള ട്രൈബൽ മേഖലയിലെ കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതികൾ.

17. സേവാസ്

18. റസിഡൻഷ്യൽ ഹോസ്റ്റലുകൾ

19. കെ.ജി.ബി.വി ഹോസ്റ്റൽ

20. പാദമുദ്രകൾ

## സ്കിൽ ഡെവലപ്മെന്റ് സെന്റർ

പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി.

ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏഴാം ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാഥമിക പാഠഭാഗങ്ങളും ഹൈസ്കൂൾ ക്ലാസുകളിലെ പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

1. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ലഹരിവിരുദ്ധ ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്നു. സ്കൂളുകളിൽ പ്രത്യേക ബോധവൽകരണ ക്ലാസുകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകുന്നു.

2.ലഹരി വസ്തുക്കളുടെ നിർമ്മാർജ്ജനത്തിന്റെയും ബോധവൽക്കരണത്തിന്റെയും ഭാഗമായി സംസ്ഥാനത്ത് വ്യാപകമായി ലഹരി വിരുദ്ധ ചങ്ങല സൃഷ്ടിക്കുകയും ലഹരി വസ്തുതക്കൾ നശിപ്പിക്കുകയും ചെയ്തു.

3. ലഹരി വിരുദ്ധ സംവാദസദസുകൾ സ്ക്കൂളുകളിൽ സംഘടിപ്പിക്കുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഗാന്ധിജയന്തി ദിനത്തിൽ തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ വച്ച് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി നിർവഹിച്ചു.

4. പുതുക്കിയ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

5. പോലീസ്, എക്സൈസ്, ആരോഗ്യം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ചേർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ലഹരി വിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു വരുന്നു. പോലീസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'യോദ്ധാവ്' എന്ന പരിപാടി വിദ്യാർത്ഥികളിൽ ലഹരി ഉപയോഗങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നു. ഈ പ്രവർത്തനങ്ങളിൽ എൻ.സി.സി, എസ്.പി.സി. റെഡ്ക്രോസ്. എൻ.എസ്.എസ്. ഗാന്ധിദർശൻ, സൗഹൃദക്ലബ് തുടങ്ങി സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന സന്നദ്ധ സേവന യൂണിറ്റുകളുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

6. സ്കൂളുകളിൽ രക്ഷിതാക്കൾ, അധ്യാപകർ, പോലീസ്, ആരോഗ്യ പ്രവർത്തകർ, ആട്ടോറിക്ഷാ തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, തുടങ്ങിയവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി എല്ലാ സ്കൂളുകളിലും സ്കൂൾ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ മെയ് 31-ന് പുകയില വിരുദ്ധദിനം, ജൂൺ 26- ന് ലഹരി വിരുദ്ധദിനം തുടങ്ങിയ ദിവസങ്ങളിൽ പ്രത്യേക സ്കൂൾ അസംബ്ലയിൽ പ്രതിജ്ഞ ചൊല്ലുകയും ചിത്രപ്രദർശനങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, പ്രഭാഷണങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, വിദഗ്ധരുടെ ബോധവൽക്കരണ ക്ലാസുകൾ എന്നിവ സ്കൂളുകളിൽ സംഘടിപ്പിക്കുന്നു.

8. സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

9. സ്കൂൾ ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ സ്കൂളിന്റെ 200 മീറ്റർ ചുറ്റളവിലുള്ള കടകൾ ഇടയ്ക്കിടെ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ